**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2150** **12-02-2024 - ൽ മറുപടിയ്ക്ക്**

**ഇൻലാന്റ് നാവിഗേഷൻ വകുപ്പ് നടപ്പിലാക്കിയ പദ്ധതികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ടി.ഐ.മധുസൂദനൻ | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം ഇൻലാന്റ് നാവിഗേഷൻ വകുപ്പ് മുഖേന പയ്യന്നൂർ നിയോജക മണ്ഡലത്തിൽ നടപ്പിലാക്കിയ പദ്ധതികൾ ഏതൊക്കെയാണെന്ന് വിശദമാക്കുമോ; | (എ) | ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം പയ്യന്നൂർ നിയോജക മണ്ഡലത്തിൽ നടപ്പിലാക്കിയ പദ്ധതികളുടെ വിവരം ചുവടെ ചേർക്കുന്നു :<br><br>1. കവ്വായി കാലിക്കടപ്പുറത്ത് വിനോദ സഞ്ചാര വകുപ്പിന്റെ ഫണ്ട് ഉപയോഗിച്ച് ഒരു ബോട്ട് ടെർമിനലിന്റെ നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്.<br><br>2. പുതിയ പുഴക്കര പാലത്തിന് തെക്ക് ഭാഗവും വടക്ക് ഭാഗവും പെരുമ്പ പുഴയുടെ ഇടത്കര സംരക്ഷണ പ്രവൃത്തി (2 എണ്ണം) പൂർത്തീകരിച്ചിട്ടുണ്ട്.<br><br>3. പുന്നക്കടവ് ബോട്ട്ജെട്ടി നിർമ്മാണം പൂർത്തീകരിച്ചു.<br><br>4. പെരുമ്പ പുഴയിൽ മുട്ടം മുതൽ കൊറ്റി വരെ പുഴയുടെ ആഴംകൂട്ടൽ പ്രവൃത്തിക്കായുള്ള ഇൻവെസ്റ്റിഗേഷൻ പ്രവൃത്തി പൂർത്തീകരിച്ചു. |
| (ബി) | 2023-24 സാമ്പത്തിക വർഷം ഭരണാനുമതി ലഭിക്കുന്നതിനായി എന്തെങ്കിലും പദ്ധതികൾ സമർപ്പിച്ചിട്ടുണ്ടോ; എങ്കിൽ പ്രസ്തുത പദ്ധതികൾക്ക് ഭരണാനുമതി നൽകുന്നതിനുള്ള നടപടികൾ ഏത് ഘട്ടത്തിലാണെന്ന് അറിയിക്കാമോ? | (ബി) | പുന്നക്കടവ് പാലത്തിന് തെക്കുഭാഗം കറുംകടവിൽ പെരുമ്പ പുഴയുടെ വലതുകര സംരക്ഷണ പ്രവൃത്തിക്കായി 23,70,000 രൂപ അടങ്കൽ തുക വരുന്ന എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ